# പതിമൂന്നാം കേരള നിയമസഭ

## എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 2453 01.04.2013 - ൽ മറുപടിക്ക്

## പയ്യന്നൂർ നിയോജക മണ്ഡലത്തിലെ കേരള വാട്ടർ അതോറിറ്റിയുടെ പദ്ധതികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. സി. കൃഷ്ണൻ | പി ജെ. ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) പയ്യന്നൂർ നിയോജക മണ്ഡലത്തിൽ കേരള വാട്ടർ അതോറിറ്റിയുടെ കീഴിൽ അംഗീകാരം ലഭിച്ച് പ്രവൃത്തി നടന്നുകൊണ്ടിരിക്കുന്നതും ആരംഭിക്കാത്തതുമായ പ്രവൃത്തികളുടെ വിശദവിവരങ്ങൾ ലഭ്യമാക്കുമോ ; | (എ) പയ്യന്നൂർ നിയോജക മണ്ഡലത്തിൽ കേരള വാട്ടർ അതോറിറ്റിയുടെ കീഴിൽ അംഗീകാരം ലഭിച്ച രണ്ട് പദ്ധതികളാണ് നിലവിലുള്ളത്.<br>1. <u>പയ്യന്നൂർ നഗരസഭ യു.ഐ.ഡി.എസ്.എസ്.എം.ടി കുടിവെള്ള പദ്ധതി.</u><br>2007-ൽ 4019 ലക്ഷം രൂപ അടങ്കൽ തുകയായി അനുമതി ലഭിച്ച പ്രസ്തുത പദ്ധതി ആറ് പാക്കേജുകളായി പ്രവൃത്തി ആരംഭിച്ചു. കിണറിന്റെ പ്രവൃത്തി ആരംഭിച്ചപ്പോൾ കിണർ സ്ഥിതി ചെയ്യുന്ന ചപ്പാരപ്പടവ് പഞ്ചായത്തിലെ പഞ്ചായത്ത് അധികൃതരും നാട്ടുകാരും പദ്ധതിക്ക് എതിരെ വരികയും ചപ്പാരപ്പടവ് പഞ്ചായത്തിലെ പ്രവൃത്തികൾ ബലം പ്രയോഗിച്ച് നിർത്തിവെപ്പിക്കുകയും ചെയ്തു. പിന്നീട് പല ചർച്ചകൾക്ക് ശേഷം 28/07/2012-ന് ചേർന്ന യോഗത്തിൽ പ്രശ്നം പരിഹരിക്കുകയും പ്രവൃത്തികൾ പുനരാരംഭിക്കുവാൻ തീരുമാനിക്കുകയും ചെയ്തു. ഇത് പ്രകാരം കിണറിന്റെ പ്രവൃത്തി റീടെണ്ടർ ചെയ്തു. ശുദ്ധീകരണശാലയുടെ പ്രവൃത്തികൾ പുനരാരംഭിക്കുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു. ഭൂതല സംഭരണിയുടെ പ്രവൃത്തി പൂർത്തീകരിച്ചു. ഗ്രാവിറ്റിമെയിൻ, വിതരണ ശൃംഖല എന്നിവയുടെ പ്രവൃത്തികൾ 90% പൂർത്തിയായി. പമ്പ്സെറ്റ്, ജനറേറ്റർ, ട്രാൻസ്ഫോർമർ എന്നീ പ്രവൃത്തികൾ കിണറിന്റെ പ്രവൃത്തി ആരംഭിച്ചതിനു ശേഷം ടെണ്ടർ ചെയ്യും.<br>2. <u>എരുമം-കുറ്റൂർ ശുദ്ധജലവിതരണ പദ്ധതി ഫേസ് - I</u><br>22.12.2012-ൽ ഭരണാനുമതിയും 20.02.2013-ൽ സാങ്കേതികാനുമതിയും ലഭിച്ചു. (എസ്റ്റിമേറ്റ് തുക 900 ലക്ഷം) പുതുക്കിയ നിരക്കിലുള്ള (എസ്.ഒ.ആർ 2012) എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു. |

..................2

| | |
|---|---|
| (ബി) കേരള വാട്ടർ അതോറിറ്റിയുടെ കീഴിൽ പ്രസ്തുത നിയോജകമണ്ഡലത്തിൽ സമർപ്പിക്കപ്പെട്ട പ്രൊപ്പോസലുകൾ ഏതെല്ലാമാണെന്നും അവയുടെ നിലവിലുള്ള അവസ്ഥ എന്താണെന്നും വിശദമാക്കുമോ ? | (ബി) പയ്യന്നൂർ നിയോജക മണ്ഡലത്തിലെ പുത്തൂർ കുടിവെള്ള പദ്ധതിക്ക് (കരിവെള്ളൂർ - പെരളം പഞ്ചായത്ത്) വേണ്ടി എം.എൽ.എ യുടെ അസറ്റ് ഡെവലപ്പ്മെന്റ് ഫണ്ടിൽ ഉൾപ്പെടുത്തി 40 ലക്ഷം രൂപയുടെ എഞ്ചിനീയറിംഗ് റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ